## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 627** **28.09.2011-ൽ മറുപടിയ്ക്ക്**

**നാദാപുരം വളയം പ്രൈമറി ഹെൽത്ത് സെന്റർ**

**ചോദ്യം**

**ശ്രീ. ഇ. കെ. വിജയൻ:**

(എ) നാദാപുരം വളയം പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായും, നാദാപുരം ഗവൺമെന്റ് ആശുപത്രി താലൂക്ക് ആശുപത്രിയുടെ നിലവാരത്തിലേക്കും ഉയർത്തിയെങ്കിലും ആവശ്യമായ ജീവനക്കാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

**മറുപടി**

**ശ്രീ. അടൂർ പ്രകാശ്**
**(ആരോഗ്യവും കയറും വകുപ്പു മന്ത്രി)**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
വളയം പി.എച്ച്.സി, സാമൂഹികാരോഗ്യ കേന്ദ്രമായി ഉയർത്തിയതിനെ തുടർന്ന് പുതുതായി 3 ഡോക്ടർമാരുടെയും 2 സ്റ്റാഫ് നേഴ്സുമാരുടെയും തസ്തികകൾ 26.02.2011 ലെ സർക്കാർ ഉത്തരവ് (കൈ) 129/11/ആ.കു.വ പ്രകാരം അനുവദിച്ചിട്ടുണ്ട്. ആകെ 6 ഡോക്ടർമാരുടെയും 4 നേഴ്സുമാരുടെയും തസ്തികകൾ ഉണ്ട്. ഒഴിഞ്ഞു കിടക്കുന്ന സ്റ്റാഫ് നേഴ്സിന്റെ 1 തസ്തികയും ലാബ് ടെക്നീഷ്യന്റെ 1 തസ്തികയും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കിയതിന്റെ ഭാഗമായി നാദാപുരം താലൂക്കാശുപത്രിയിൽ ഡോക്ടർമാരുടെ 11 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. സൂപ്രണ്ട്, നേഴ്സിംഗ് സൂപ്രണ്ട്, ഹെഡ്നേഴ്സ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളിൽ നിലവിലുള്ള ഓരോ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു

സെക്ഷൻ ഓഫീസർ